ഉത്തരം

(എ) ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമേ നിലവിലുള്ളൂ.

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ ഈ സാമ്പത്തികവർഷം ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി തുടങ്ങുന്നത് പരിശോധനയിലാണ്.

(സി) ഇക്കാര്യത്തിൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) നിയമിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ.മദൻമോഹനനെയാണ് നിയമിച്ചിരുന്നത്. പ്രസ്തുത കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) ഈ വിഭാഗത്തിന്റെ വികസനത്തിനായി 1999-2000 വർഷത്തിൽ 15 ലക്ഷം(പതിനഞ്ചു ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്)ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഫാർമസി വിദ്യഭ്യാസം

169 (880)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി വിദ്യാഭ്യാസ രംഗത്ത് 2001-ാ മാണ്ടോടെ അടിസ്ഥാന പരമായ എന്തെങ്കിലും മാറ്റം വരുത്താൻ ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിൽ ഇപ്പോൾ ബി. ഫാം, എം.ഫാം കോഴ്സുകൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്;

(ഡി) എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് ഓരോ കോഴ്സിലും ഓരോ സ്ഥാപനത്തിലും വർഷം തോറും അഡിമിഷൻ നൽകുന്നത്;

(ഇ) ഏതൊക്കെ വിഷയങ്ങളിലാണ് സംസ്ഥാനത്ത് ഇപ്പോൾ എം.ഫാം കോഴ്സുകൾ നിലവിലുള്ളത്;

(എഫ്)ഓരോ വിഷയത്തിലും എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് അഡ്മിഷൻ നൽകുന്നത്;

(ജി) നടപ്പ് സാമ്പത്തികവർഷം ഏതൊക്കെ സ്ഥാപനങ്ങളിൽ ബി. ഫാം, എം.ഫാം കോഴ്സുകൾ ആരംഭിക്കുവാൻ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകക്കൊള്ളിച്ചിട്ടുണ്ട്;

(എച്ച്) മെഡിസിനൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് ആരംഭിക്കുന്നതിന് 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിച്ചിരുന്നുവോ; എങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക ഉൾക്കൊള്ളിച്ചിരുന്നത്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) 2001-ാ മാണ്ടോടെ ഫാർമസിസ്റ്റായി രജിസ്റ്റർ ചെയ്യാനുള്ള അടിസ്ഥാനയോഗ്യത ബി.ഫാം ആയി മാറ്റാൻ ഫാർമസി കൗൺസിൽ ആലോചിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)&(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ബി.ഫാം കോഴ്സും എം.ഫാം കോഴ്സും നടത്തി വരുന്നു. യൂണിവേഴ്സിറ്റി, സ്വകാര്യമേഖല തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി.ഫാമിന് 28 സീറ്റുകളിലും എം.ഫാമിന് 8 സീറ്റുകളിലും അഡ്മിഷൻ നൽകുന്നു.

(ഇ)&(എഫ്) ഫാർമി സ്യൂട്ടിക്കൽ കെമിസ്ട്രി (ഫാർമസ്യൂട്ടിക്കൽ അനാലിസിസ്), ഫാർമസ്യൂട്ടിക്കൽ ടെക്നോളജി, ഫാർമയോക്സി ആന്റ് ഫൈറ്റോ കെമിസ്ട്രി, ഫാർമക്കോളജി എന്നീ വിഷയങ്ങളിൽ രണ്ട് സീറ്റു വീതം എം.ഫാം കോഴ്സുകൾ നടത്തുന്നു, കൂടാതെ മെഡിസിനൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും (ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി) എം.ഫാം കോഴ്സുകൾ തുടങ്ങാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ജി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.ഫാം കോഴ്സും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.ഫാം കോഴ്സും ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(എച്ച്) മെഡിസിനൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് തുടങ്ങാൻ 1997-98, 98-99 എന്നീ വർഷങ്ങളിൽ 2210-05-105-84 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തുക അനുവദിച്ചിരുന്നു.

നേഴ്സിംഗ് ട്യൂട്ടർ നിയമനം

170 (881)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-നുശേഷം ബി.എസ്.സി നഴ്സിംഗ് പാസ്സായവരെ നേഴ്സിംഗ് ട്യൂട്ടറായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവ: നഴ്സിംഗ് കോളേജുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതമനുസരിച്ച് നഴ്സിംഗ് ട്യൂട്ടർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് എന്നീ തസ്തികൾ മുഴുവൻ പ്രൊമോഷനിലൂടെ മാത്രം നികത്താതെ ഒരു പ്രത്യേക ശതമാനം തസ്തികയിൽ ബി.എസ്.സി നഴ്സിംഗ് പാസ്സായവരെ നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഹെൽത്ത് സർവ്വീസിൽ ജോലി ചെയ്യുന്ന ബി.എസ്.സി നഴ്സിംഗ് പാസ്സായ സ്റ്റാഫ് നഴ്സ്മാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ നഴ്സിംഗ് ട്യൂട്ടറായി നിയമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly